File No.HEDN-F2/115/2018-HEDN

GO Rt/949/2018/HEDN

# കേരള സർക്കാർ

## സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകൻ ശ്രീ.സതീഷ് ചന്ദ്രബോസ്.കെ.പി -യുടെ ശൂന്യവേതനാവധിയിലെ അവധി പ്രയോജനപ്പെടുത്താത്ത ഭാഗം റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം. /2018/ഉ.വി.വ. തീയതി,തിരുവനന്തപുരം: /05/2018**

പരാമർശം :- 1. സ.ഉ(സാധാ) നം.2830/2016/ഉ.വി.വ തീയതി 20.10.2016.

2.കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 10.01.2018 - ലെ എ 4/46128/2017/കോ.വി.വനമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) ലെ ഉത്തരവ് പ്രകാരം പട്ടാമ്പി ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകൻ ശ്രീ.സതീഷ് ചന്ദ്രബോസ്.കെ.പി -യ്ക്ക് ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിൽ പി.എച്ച്.ഡി തീസീസ് സബ്മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം അവധിയിൽ പ്രവേശിക്കുന്ന തീയതി മുതൽ 31.12.2017 വരെ അനുമതി നൽകിയിരുന്നു. എന്നാൽ അനുവദിക്കപ്പെട്ട കാലയളവിനു മുമ്പായി ടിയാൻ തീസീസ് സമർപ്പിച്ചതിനാൽ ജോലിയിൽ പ്രവേശിപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ടിയാനെ പട്ടാമ്പി എസ്.എൻ.ജി.എസ് കോളേജിൽ സർക്കാർ സാധൂകരണത്തിനു വിധേയമായി പുന:പ്രവേശിപ്പിച്ചുകൊണ്ട് ഉത്തരവാകുകയും 22.12.2017 എഫ്.എൻ പ്രാബല്യത്തിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ആയതിനാൽ ശ്രീ.സതീഷ് ചന്ദ്രബോസ്.കെ.പി - യെ പുന:പ്രവേശിച്ച കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നല്കണമെന്നും 22.12.2017 മുതൽ 31.12.2017 വരെയുള്ള പ്രയോജനപ്പെടുത്താത്ത ലീവ് കാലയളവ് റദ്ദ് ചെയ്യണം എന്നും പരാമർശം (2) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

മേൽ സാഹചര്യത്തിൽ പട്ടാ ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജിലെ പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകൻ ശ്രീ.സതീഷ് ചന്ദ്രബോസ്.കെ.പി - യെ ജോലിയിൽ പുന:പ്രവേശിച്ച കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിയ്ക്ക് സാധൂകരണം നൽകികൊണ്ടും 22.12.2017 മുതൽ 31.12.2017 വരെയുള്ള പ്രയോജനപ്പെടുത്താത്ത ലീവ് കാലയളവ് റദ്ദ് ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മേരി ലാലി.സി.വൈ**

**ഗവ:അണ്ടർ സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.സതീഷ് ചന്ദ്രബോസ്.കെ.പി, പൊളിറ്റിക്കൽ സയൻസ് വിഭാഗം അദ്ധ്യാപകൻ, ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജി, പട്ടാമ്പി

പ്രിൻസിപ്പാൾ, ശ്രീ.നീലകണ്ഠ സർക്കാർ സംസ്കൃത കോളേജി, പട്ടാമ്പി

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ / ഡയറക്ടർ, ഐ&പി.ആർ.ഡി

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ